## വള്ള്യായി.യു.പി.സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



# ആമുഖം

വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയാണ്. ബഹുമുഖമായ ബുദ്ധി സിദ്ധാന്തങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ചർച്ച ചെയ്യപ്പെടുകയും അംഗീകാരം നേടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. വ്യത്യസ്ത വിഷയങ്ങളുടെ ഉദ്ഗ്രഥിത പ്രവർത്തനം ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ ക്ലാസ് റൂം പ്രവർത്തനങ്ങൾ മുതലായവയെല്ലാം ബഹുമുഖ ബുദ്ധി സിദ്ധാന്തത്തെ പരിഗണിച്ചു കൊണ്ടാണ് വളർന്നു വരുന്നത്.

വിദ്യാഭ്യാസ മേഖലയിലെ ഉണർവ്വിന് പുതിയ കാഴ്ചപ്പാടുകൾ ഏറെ ഗുണകരമാവുന്നുണ്ട്. ഒപ്പം പൊതു വിദ്യാഭ്യാസ സംരക്ഷണത്തിനായുള്ള സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനങ്ങൾ കൂടി കണ്ണി ചേർക്കപ്പെടുമ്പോൾ നമ്മുടെ വിദ്യാഭ്യാസ നിലവാരവും ഭൗതിക സാഹചര്യവും അടിമുടി മാറ്റത്തിന് വിധേയമാവും.

വ്യത്യസ്ത സാമൂഹിക മാനസിക നിലവാരത്തിലുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്ന തരത്തിലള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്ന വിശാലമായ ഭൂമികയിൽ നിന്നു കൊണ്ട്, വിദ്യാഭ്യാസ വകുപ്പിന്റെയും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗത്തു നിന്നുമുള്ള പിന്തുണയും സമാഹരിച്ച് ഹ്രസ്വ ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള സ്ഥാപനമാക്കി വിദ്യാലയത്തെ ഉയർത്താൻ കഴിയുമെന്ന ശുഭപ്രതീക്ഷയിലാണ് ഞങ്ങൾ.

# സ്കൂൾ ചരിത്രം

ശതാബ്ദിയുടെ നിറവ് പിന്നിട്ട് പ്രൗഢവും കർമ നിരതവുമായ പാരമ്പര്യവും അനുഭവസമ്പത്തുമായി നിലകൊള്ളുന്ന വള്ള്യായി യു പി സ്കൂൾ 1912 ലാണ് സ്ഥാപിക്കപ്പെടുന്നത്. വള്ള്യായി ദേശത്തെ വിദ്യാഭ്യാസപരവും സാമൂഹികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി യശ്ശ:ശരീരനായ ശ്രീ. ചാത്തു ഗുരുക്കൾ സ്ഥാപിച്ച ഈ വിദ്യാലയം മൊകേരി ഗ്രാമപഞ്ചായത്തിലെ 5 ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്.

1912 ൽ ഒരു ലോവർ പ്രൈമറിയായി ആരംഭിച്ച വിദ്യാലയം 1955 ൽ അപ്പർ പ്രൈമറിയായി ഉയർത്തപ്പെടുകയുണ്ടായി. തുടർന്ന് നാളിതുവരെ ഈ പ്രദേശത്തെ സർവതോന്മുഖമായ ഉയർച്ചയ്ക്കും കൂട്ടായ്മയ്ക്കും നേതൃത്വം നൽകുന്നതിന് വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ മൊകേരി ഗ്രാമപഞ്ചായത്തിൽ പാനൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ വരുന്ന വിദ്യാലയമാണ് വള്ള്യായി യു. പി സ്കൂൾ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ കുട്ടികളാണ് ഇവിടെ അധ്യയനം നടത്തുന്നതെങ്കിലും സമൂഹത്തിൽ ക്രിയാത്മകമായി ഇടപെട്ടുകൊണ്ട് മാറി വരുന്ന കാലഘട്ടത്തിൽ നിന്ന് ഊർജം ഉൾക്കൊണ്ടു കൊണ്ട് ഈ സ്ഥാപനം മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു.

## അവസ്ഥാ വിശകലനം

സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ മികച്ച നിലവാരം കൈവരിക്കാൻ ഉയർന്ന ഭൗതിക സാഹചര്യങ്ങൾ അത്യന്താപേക്ഷിതമാണ്. ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഗുണനിലവാരം ഉയർത്തുക എന്നതാവണം പരമപ്രധാനമായ കാര്യം.

# വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം

## നിലവിലെ അവസ്ഥ

| | |
|---|---|
| ❖ പ്രീ- കെ.ഇ.ആർ കെട്ടിടം | 1 |
| ❖ കെ ഇ ആർ കെട്ടിടം | 1 |
| ❖ ക്ലാസ് മുറികൾ | 10 |
| ❖ കിണർ | |
| ❖ കുടിവെള്ള സൗകര്യം | |
| ❖ ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 2 |
| ❖ പെൺകുട്ടികൾക്കുള്ള പ്രത്യേക ടോയ്‌ലറ്റ് | 3 |
| ❖ ചുറ്റുമതിൽ | |
| ❖ അടുക്കള - പാചക ഉപകരണങ്ങൾ, പാത്രങ്ങൾ | |
| ❖ ഭക്ഷണശാല | |
| ❖ ക്ലാസ് മുറിയിൽ റാമ്പ് & റെയിൽ | 2 |
| ❖ പൂന്തോട്ടം | |
| ❖ വൈദ്യുതീകരിച്ച ക്ലാസ് മുറികൾ | |
| ❖ ഗ്യാസ് സ്റ്റൗ | |
| ❖ ആവശ്യത്തിന് ഫർണിച്ചറുകൾ | |
| ❖ അലമാര | 10 |
| ❖ ക്ലാസ് ലൈബ്രറി | എൽ പി യിൽ മാത്രം |
| ❖ ലൈബ്രറി | 2000 ത്തിൽ അധികംപുസ്തകങ്ങൾ |
| ❖ ഓഫീസ് മുറി | 1 |

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള പിന്തുണ സംവിധാനങ്ങൾ

<u>നിലവിലെ അവസ്ഥ</u>

| | |
|---|---|
| പി ടി എ | ശ്രീമതി അനിഷ പ്രസിഡണ്ടായുള്ള ശക്തമായ ഒരു പി ടി എ വിദ്യാലയത്തിൽ നിലവിലുണ്ട്. സ്കൂളിന്റെ അക്കാദമികവും ഭൗതികവും സാമൂഹികവുമായ കാര്യങ്ങളിൽ സഹായസഹകരണങ്ങൾ നൽകി വരുന്നു. |
| മാതൃസമിതി | ശ്രീമതി ഷിജിന കെ., പ്രസിഡണ്ടായ എം.പി ടി എ കമ്മിറ്റി വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ സദാ ജാഗ്രതയോടെയുള്ള സേവനങ്ങൾ നൽകി വരുന്നു. |
| എസ് ആർ ജി | രണ്ടാഴ്ചയിലൊരിക്കൽ നിർബന്ധമായും മറ്റ് അടിയന്തിര ഘട്ടങ്ങളിലും എസ് ആർ ജി ചേരാറുണ്ട്. പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സ്കൂൾ തല പ്രവർത്തനങ്ങളുടെ ആസൂത്രണം, സംഘാടനം, അവലോകനം എന്നിവ നടത്തിവരുന്നു. |
| സബ്ജക്ട് കൗൺസിൽ | ഹിന്ദി , ഉറുദു, സംസ്കൃതം ഒഴികെയുള്ള മറ്റെല്ലാ വിഷയങ്ങളുടെയും സബ്ജക്ട് കൗൺസിൽ മാസത്തിൽ 2 തവണ ചേരാറണ്ട്. |
| എസ് എസ് ജി | ശ്രീ. അനിൽകുമാർ പി പി കൺവീനറായുള്ള സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവും, സാമൂഹികവുമായ ഒട്ടനവധി മാറ്റങ്ങൾക്ക് കാരണമാകുന്നുണ്ട്. |
| പൂർവ്വ വിദ്യാർത്ഥി സംഘടനം | ശ്രീ. കെ. കൃഷ്ണൻ മാസ്റ്റർ പ്രസിഡണ്ടായുള്ള വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളുടെ സംഘടന വിദ്യാലയ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യമാണ്. |

# ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ ഏഴുവരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികൾ, ധാരണകൾ, നൈപുണികൾ എന്നിവ കഴിവനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
2. കുട്ടിയുടെ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കാനുള്ള സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുക.
3. പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുക.
4. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.
5. സ്കൂൾ വായന ശാലകളും ലബോറട്ടറികളും ആധുനികവത്കരിക്കുകയും ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക.
6. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പഠനപ്രവർത്തനത്തിനായി ഉപയോഗിക്കുക.
7. ജനകീയ സംവിധാനങ്ങളും വിദ്യാലയവും തമ്മിൽ നല്ല കൂട്ടായ്മ വളർത്തുക.

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. ഉന്നത മതനിരപേക്ഷ നിലപാടും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും സഹിഷ്ണുതയും കൂട്ടായി പ്രവർത്തിക്കാനുള്ള മനോഭാവവുമൊക്കെ വികസിക്കുന്നത് പൊതു വിദ്യാലയങ്ങളിലൂടെയാണ്.

എല്ലാവർക്കും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി വിദ്യാലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളുടെ അക്കാദമിക മാസ്റ്റർ പ്ലാൻ ചുവടെ കൊടുക്കുന്നു.

## മേഖല : ഉറുദു ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1. യു പി തലത്തിൽ എല്ലാ വിദ്യാർത്ഥി കൾക്കും ഉറുദു വാക്യങ്ങൾ വായി ക്കാൻ സാധിക്കുക. | ❖ ലളിതമായ ഉറുദുപദ കാർഡ് (ഐ.സി.ടി)<br>❖ ചുറ്റുമുള്ള വസ്തുക്കളുടെ ചിത്രങ്ങൾ അടങ്ങിയവയുടെപേര് (ഐ.സി.ടി)<br>❖ ലഘുകവിതകൾ, കുറിപ്പുകൾ,<br>❖ അക്ഷര മരം<br>❖ അക്ഷര ചിത്രം | ജൂൺ മുതൽ ഡിസംബർ വരെ |
| 2. എല്ലാ കുട്ടികൾക്കും തെറ്റുകൾ ഇല്ലാതെ എഴുതാൻ സാധി ക്കുക. | ❖ ഉറുദു കോപ്പി പുസ്തകം<br>❖ ഐ സി ടി വർക്ക് ഷീറ്റ്<br>❖ ലഘുഗെയിം (കളികളിലൂടെ ഉറുദു എഴു ത്ത്) | ജൂൺ മുതൽ മാർച്ച് വരെ |
| 3. ഉറുദു ഭാഷാശേഷി വർദ്ധിപ്പിക്കൽ | ❖ അധിക വായന<br>❖ സാഹിത്യകാരന്മാരെ പരിചയപ്പെടൽ, ചിത്രം, ഡോക്യുമെന്ററി<br>❖ ഓലൈൻ വായന<br>❖ ഉറുദു മാസിക, ലഘുപുസ്തകങ്ങൾ വായിച്ച് പുതിയ പദങ്ങൾ പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>❖ ദേശഭക്തി ഗാനം ഉറുദു ശേഖരണം<br>❖ പതിപ്പ് നിർമ്മാണം | ആഗസ്ത് മുതൽ |
| 4. ഉറുദു ക്ലബ്ബ് ശബ്നം ഉർദു ക്ലബ്ബ് പ്രവർത്തനങ്ങളി ലൂടെ ഭാഷാനൈപു ണ്യം, സാമൂഹ്യ ബോധം വളർത്തൽ | ❖ ദിനാചരണങ്ങളിൽ ഉർദു പോസ്റ്റർ പ്രസംഗം തയ്യാറാക്കൽ<br>❖ ദിനാചരണങ്ങളിൽ വ്യക്തിഗത കുറിപ്പ് തയ്യാറാക്കൽ പോർട്ട് ഫോളിയോ<br>❖ ഉർദു അസംബ്ലി<br>❖ ഉർദു ക്വിസ്<br>❖ ഉർദു വാർത്ത വായന | ജൂൺ മുതൽ മാർച്ച് വരെ |
| 5. ഉർദു ഭാഷ പ്രചാ രണം ആകർഷിപ്പി ക്കൽ | ❖ ലോക ഉർദു ദിനം നവംബർ 9 ഉർദു ഡേ വിവിധ പ്രവർത്തനങ്ങൾ<br>❖ ഉർദുവിലെ കവിതകൾ ദേശഭക്തിഗാന ങ്ങൾ, ഡോക്യുമെന്ററി ഗ്രൂപ്പുകളിൽ ഷെയർ ചെയ്യൽ<br>❖ ഒരു വർഷത്തെ പഠന പ്രവർത്തനങ്ങൾ ഉർദു ഫെസ്റ്റ്<br>❖ ഉർദു ഡിക്ഷണറി നിർമ്മാണം | ലോക ഉർദു ദിനം നവം ബർ 9 മുതൽ ഫെബ്രുവരരി 15 വരെ ദേശീയ ഉർദു ദിനം വരെ |

# മാതൃഭാഷാപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ. ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>• **അക്ഷരം ഉറപ്പിക്കൽ**<br>ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു<br>• **ചിഹ്നങ്ങൾ ഉറപ്പിക്കൽ**<br>ചിത്ര സഹായത്താൽ ചിഹ്നങ്ങൾ ഉറപ്പിക്കുന്നു<br>• **അക്ഷര കാർഡ്: വാക്കുകൾ എഴുതിയ കാർഡ്**<br>അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ<br>• **ചിത്രം: അടിക്കുറിപ്പ്**<br>ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിക്കൽ, എഴുതുന്നു<br>• കഥ : ബാക്കി പറയൽ: എഴുതൽ<br>കഥയുടെ കുറച്ചുഭാഗം നൽകുന്നു ബാക്കിപറയുന്നു., എഴുതുന്നു<br>• **സി ഡി പ്രദർശനം**<br>ചിത്രങ്ങൾ ഉള്ള സി ഡി പ്രദർശിപ്പിക്കുന്നു<br>ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം നൽകുന്നു. എഴുതുന്നു<br>• മെച്ചപ്പെടാത്തവർക്ക് വേണ്ടി പ്രത്യേക ക്ലാസ് നൽകുന്നു | ജൂൺ മുതൽ ജൂലായ്<br><br>ആഗസ്റ്റ് മുതൽ ഒക്ടോബർ<br><br>നവംബർ മുതൽ ഡിസംബർ | 1000<br><br>2000 | മലയാളം അധ്യാപകർ<br><br>എസ് ആർ ജി<br><br>എസ് ആർ ജി | എച്ച് എം പി ടി എ<br><br>എസ് ആർ ജി<br><br>എസ് ആർ ജി |

## വായനാവസന്തം

| | | | | | | |
|---|---|---|---|---|---|---|
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | • ക്ലാസ് വായന<br>ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പുസ്തകം നൽകുന്നു<br>• ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു<br>.<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അസംബ്ലിയിലോ മറ്റ് വേദികളിലോ അവതരിപ്പിക്കുന്നു.<br>• വായനാക്കുറിപ്പ്<br>• പത്രവാർത്താ ക്വിസ്<br>സാഹിത്യ ക്വിസ് എന്നിവ സംഘടിപ്പിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• അമ്മയ്ക്കൊരു പുസ്തകം<br>സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മയ്ക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | 5000 | ക്ലാസ്സ് അധ്യാപകർ<br>എസ് ആർ ജി<br>പി ടി എ<br>എസ് എസ് ജി | |

# സർഗമേള

| | | | | | | |
|---|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | * സർഗാത്മക രചന<br>*ഒരു വിഷയം നൽകുന്നു. അതുമായി ബന്ധപ്പെട്ട് കുട്ടികൾക്കിഷ്ടമുള്ള കഥയോ, കവിതയോ, ആസ്വാദനക്കുറിപ്പോ തുടങ്ങി ഏത് രചനയും തയ്യാറാക്കാനുള്ള അവസരം നൽകുന്നു<br>* <u>ക്ലാസ് മാഗസിൻ</u><br>തയ്യാറാക്കുന്ന രചനകൾ കൂട്ടിച്ചേർത്ത മാഗസിൻ നിർമ്മാണം, പ്രദർശനം | മൂന്ന് വർഷം | | | |
| | | * <u>രചനാ മത്സരങ്ങൾ</u><br>സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ രചനാ മത്സരങ്ങൾ സംഘടിക്കുന്നു.<br><br>* <u>എഴുത്തുകാരെ പരിചയപ്പെടൽ</u><br>രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, കുറിപ്പുകൾ അവതരിപ്പിക്കൽ എന്നിവ അസംബ്ലിയുടെ ഭാഗമാക്കുക<br>* സാഹിത്യകാരന്മാരെ സ്കൂളിലെത്തിക്കൽ<br>പ്രാദേശിമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിക്കൽ, വായനാനുഭവങ്ങളും എഴുത്തനുഭവങ്ങളും പങ്കുവെക്കൽ- അഭിമുഖം | ഓരോ വർഷവും | 10000 | എച്ച് എം<br><br>എസ് ആർ ജി<br>പി ടി എ | |

# ഇംഗ്ലീഷ് പഠനം

| Activity | Duration | Duty |
|---|---|---|
| **Activity 1 : Planing**<br>• Evaluation through class-room activities<br>• Discussion the activities of Easy English programme the SRG meeting<br>• Conducting CPTA Meeting | June | English Teacher Class teacher |
| **Activity 2: English assembly**<br>• Every Wednesday<br>• Takes turns in charge of each class<br>• Prayer<br>• Pledge<br>• Recitation<br>• Speach<br>• Quotes /Thoughts | August to March | Class teacher and English Teacher |
| **Activity 3 : News channel**<br>• Collecting news<br>• Colleting videos of new readings<br>• Typing the head lines<br>• Shooting the presentations<br>• Editing<br>• Presenting | August to March | Class, English Teache and ICT in charge |
| **Activity 4 : One day one word**<br>• Five new words<br>• Make sentences<br>• Weekly dictation | Weekly July-March | English class |
| **Activity 5 : Reading Cards**<br>• Reads Reading cards<br>• Reading corner/class library<br>• Special set for English<br>• Preparation Notes, Diary and English Magzine<br>• Using LCT for developing listening and reading skill<br>• Spelling and word game | Weeklly Monthly | English teacher SRG |

| | | |
|---|---|---|
| **Activity 6 : Listen Draw and writes**<br>• Draw according to teachers instruction<br>• Collective picture drawing<br>• Describing the picutres<br>• Book designing | July – March | English teacher |
| **Activity 7: Story Time –**<br>• English E cube stories<br>• Watching-Reading and Doing assignments<br>• Collecting simple stories.<br>• Preparing story album | Monthly (July) | English Teachers SRG |
| **Activity 8 : Worksheet –**<br>• Preparing work sheet on the basis of the level of and class of the students.<br>• Giving work sheet<br>• Evaluating | Each Unit | English Teacher SRG |
| **Activity 9 : English fest –**<br>• Last friday of every month<br>• Story telling<br>• Recitation<br>• Choreography<br>• Role play<br>• Speech<br>• Skit | November – March | Teachers PTA English Club |

# ശാസ്ത്രപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| 1 | ശാസ്ത്ര പഠനം ആഴത്തിലാക്കൽ | <u>കാലിഡോസ്കോപ്പ്</u><br>○ പ്രാദേശിക വസ്തുക്കൾ ഉപയോഗപ്പെടുത്തി മാതൃക നിർമ്മിക്കൽ<br>○ ശാസ്ത്രോപകരണ നിർമ്മാണ ശില്പശാല<br>○ ശാസ്ത്ര പരീക്ഷണശില്പശാല<br>○ സ്വന്തമായി പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>○ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം പരിചയപ്പെടുത്തൽ<br>○ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ദിനങ്ങൾ ആചരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | 10000 | സയൻസ് ക്ലബ് സയൻസ് അധ്യാപകർ |
| 2 | ബഹിരാകാശ ശാസ്ത്രത്തിൽ താൽപര്യമുണ്ടാക്കൽ | <u>അനന്തതയിലേക്ക്</u><br>• <u>ബഹിരാകാശ സംബന്ധിയായ സി ഡി പ്രദർശനങ്ങൾ</u> : ചന്ദ്രയാൻ പദ്ധതി, സൗരയൂഥം, ബഹിരാകാശ യാത്ര<br>• <u>നക്ഷത്ര നിരീക്ഷണ ക്യാമ്പ്</u><br>വാനനിരീക്ഷണ വിദഗ്ദരെ ഉപയോഗിച്ച് ക്ലാസ്<br>• <u>പ്ലാനിറ്റോറിയം സന്ദർശനം</u> : നിരീക്ഷണം, ക്ലാസ് കേൾക്കൽ | ജൂൺ മുതൽ മാർച്ച് വരെ | 10000 | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപൻ |
| 3 | ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ | കുട്ടികൾ സ്കൂൾ പരിസരത്തെ സസ്യങ്ങൾ നിരീക്ഷിച്ച് ശാസ്ത്രീയ നാമം അവയുടെ ഉപയോഗങ്ങൾ എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തുന്നു<br>• ഫീൽഡ് ട്രിപ് | ജൂൺ മുതൽ മാർച്ച് വരെ | 10000 | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപൻ |

| | | | | | |
|---|---|---|---|---|---|
| 4 | കുട്ടികളെ ശാസ്ത്ര ബോധമുള്ളവരാക്കി വളർത്തൽ | <u>ശാസ്ത്രലൈബ്രറി ശാക്തീകരണം</u><br>ശാസ്ത്ര പുസ്തകങ്ങൾ, വായനാക്കുറിപ്പുകൾ, എന്നിവയുടെ ശേഖരണവും ഉപയോഗവും<br><u>ശാസ്ത്ര ബോധവൽക്കരണ ക്ലാസ്സ്</u><br>ഡോക്ടേർസ്, റിസോഴ്സ് അധ്യാപകർ, മറ്റു വിദഗ്ധർ തുടങ്ങിയവരുടെ സേവനം ഉൾപ്പെടുത്തി കുട്ടികൾക്ക് പല മേഖലകളിൽ ക്ലാസ് | 3 വർഷം | 1 ലക്ഷം | സയൻസ് ക്ലബ് ശാസ്ത്രാധ്യാപകർ<br>എസ് എസ് ജി |
| 5 | ഓരോ ക്ലാസ്മുറിയും ഒരു ലാബോറട്ടറി | <u>ശാസ്ത്രപുര</u><br>• ഓരോ ക്ലാസ്മുറിയിൽ പരീക്ഷണ നിരീക്ഷണങ്ങൾക്കായുള്ള രാസപദാർത്ഥങ്ങൾ ഉപകരണങ്ങൾ എന്നിവ ശേഖരിക്കലും സൂക്ഷിക്കലും<br>• എസ് എസ് എ ഫണ്ട്, കുട്ടികൾ നിർമ്മിക്കുന്ന മാതൃകകൾ ഉപകരണങ്ങൾ, പി ടി എ | 5 വർഷം | 3 ലക്ഷം | സയൻസ് ക്ലബ്ബ് ശാസ്ത്രഅധ്യാപകർ |
| 6 | ഹോംലാബ് വികസിപ്പിക്കൽ | | | | |
| 7 | മോണിറ്ററിംഗ് | പി ടിഎ യും സയൻസ് റിസോഴ്സ് പേഴ്സൺസും | | | |

# മേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1. ഗണിത ശേഷി വികസിപ്പിക്കൽ | <u>പൂജ്യം മുതൽ 9 വരെ</u><br>സംഖ്യാ ബോധം, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ ആഗസ്റ്റ് | 500 | |
| 2. ഗണിതം ആസ്വദിക്കുവാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തൽ | <u>കളിയിൽ അൽപം കാര്യം</u><br>ഗണിതകഥ, പാട്ട്, കളികൾ, ജ്യാമിതീയ പാറ്റേൺ എന്നിവ ഉൾപ്പെടുത്തി മാഗസിൻ നിർമ്മാണം | ജൂലായ് മുതൽ മാർച്ച് | 1000 | |
| 3. ഗണിത പഠനം നിർമ്മാണത്തിലൂടെ | <u>ഗണിത കൗതുകം</u><br>പ്രാദേശിക വസ്തുക്കൾ ഉൾപ്പെടുത്തി മാതൃക നിർമ്മാണം<br>പഠനോപകരണ നിർമ്മാണ ശിൽപശാല<br>ഗണിത മാതൃകകളുടെ പ്രദർശനം<br>ഗണിതശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്ര കുറിപ്പ് തയ്യാറാക്കൽ | 1 വർഷം | 10000 | ഗണിത അധ്യാപർ |
| 4. ഐ സി ടി ഉപയോഗത്തിലൂടെ ഗണിതത്തിൽ താൽപര്യം ഉണ്ടാകുക | <u>വിവര സാങ്കേതിക മൂല</u><br>കമ്പ്യൂട്ടർ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കൽ, സംഖ്യകൾ വ്യാഖ്യാനിക്കൽ | 1 വർഷം | | |
| 5. കൃത്യതയോടും സൂക്ഷ്മതയോടും ഗണിത ഉപകരണങ്ങൾ കൈകാര്യം ചെയ്യാനും അവ ഉപയോഗിച്ച് പുതിയ ആശയങ്ങൾ കണ്ടെത്തലും | <u>ഗണിതം വിരൽത്തുമ്പിൽ</u><br>ഓരോ ക്ലാസ് മുറിയിലും ഗണിത ലാബ് നിർമ്മിക്കൽ ശേഖരിക്കൽ സൂക്ഷിക്കൽ | 1 വർഷം | | |
| 6. മോണിറ്ററിംഗ് | എസ് എസ് ജി, പി ടി എ അംഗങ്ങൾ | | | |

മേഖല : **സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1. കുട്ടികളിൽ ചരിത്ര ബോധവും സാമൂഹ്യ ബോധവും വളർത്തുക | 1) **ചരിത്രത്തിലേക്ക്** : ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ കുട്ടികളുമായി സന്ദർശനം നടത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ യാത്രാ വിവരണങ്ങൾ തയ്യാറാക്കി മികച്ചതിനെ കണ്ടെത്തി സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു | ജൂൺ ~~ജനുവരി~~ മുതൽ ഫിബ്രുവരി | 20000 | അധ്യാപകർ |
| | 2) **നന്നായി വളരാൻ**: വിദ്യാലയത്തിൽ ആരോഗ്യ ക്ലാസുകൾ സംഘടിപ്പിക്കുന്നു (മഴക്കാല രോഗങ്ങൾ, ലഹരി വിരുദ്ധ മെഡിക്കൽ ക്യാമ്പ്) ഇതിലേക്ക് പി ടി എ അംഗങ്ങൾക്ക് പുറമേ നാട്ടുകാരെയും ഉൾപ്പെടുത്തുന്നു. ഇതിന്റെ ലഘുരേഖകൾ കുട്ടികൾ വിതരണം ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് | 5000 | പി ടി എ<br>അധ്യാപകർ<br>എസ് എസ് ജി |
| 2. പരിസ്ഥിതി സംരക്ഷണ ബോധമുണ്ടാക്കൽ | **പ്രകൃതിയെ അറിയാം**<br>കൃഷി സ്ഥലങ്ങൾ, കുന്നിടിക്കൽ ഭീഷണി നേരിടുന്ന പ്രദേശങ്ങൾസന്ദർശിക്കൽ, പുഴസംരക്ഷണത്തിന്റെ ഭാഗമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. പ്രകൃതി സംരക്ഷണത്തിനുള്ള പോസ്റ്ററുകളും, പ്ലക്കാർഡും നിർമ്മിക്കുന്നു പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് റാലി സംഘടിപ്പിക്കുന്നു.<br>**നന്മമരം**<br>സ്കൂളിലെ കുട്ടികളുടെ ജന്മദിനങ്ങളിൽ സ്കൂളിലേക്ക് വൃക്ഷത്തൈകളോ ചെടികളോ സമ്മാനിക്കുന്നു. പരിപാലനം നടത്തുന്നു | 5 വർഷം | 5000 | പി ടി എ<br>എസ് എസ് ജി<br>അധ്യാപർ |
| 3. സമൂഹത്തിലെ ദുർബല വിഭാഗങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തൽ | **ഒരുമിച്ച് നിർത്താം**<br>കുട്ടികൾ അവർക്കിടയിലുള്ള (സഹപാഠികൾ) ദുർബല വിഭാഗങ്ങളെ കണ്ടെത്തുന്നു. അവർക്ക് ആവശ്യമായ പഠനോപകരണങ്ങളും മറ്റു സഹായങ്ങളും നൽകുന്നു. | 5 വർഷം | 5000 | പി ടി എ<br>എസ് എസ് ജി<br>അധ്യാപകർ |

## ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1. ഹിന്ദി വായന<br>5,6,7 ക്ലാസിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ തെറ്റ് കൂടാതെ വായിക്കാൻ സാധിക്കണം | <u>മീഠേവാചൻ</u><br>പദകേളി<br>വ്യത്യസ്തവും ലളിതവുമായ പദങ്ങൾ എഴുതിയ കാർഡുകൾ ശേഖരിച്ച് വാക്യങ്ങൾ ഉണ്ടാക്കുന്നു.<br><u>വായനാ കാർഡുകൾ തയ്യാറാക്കൽ</u><br>ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കാൻ വായനാകാർഡുകൾ തയ്യാറാക്കും, മൃഗങ്ങൾ, പക്ഷികൾ, പഴങ്ങൾ, പച്ചക്കറികൾ, മരങ്ങൾ ഇവയുടെ പേരുകൾ ശേഖരിക്കുന്നു. രാഷ്ട്രനേതാക്കൾ, ഹിന്ദിസാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പേരുകൾ ചേർത്ത് വായനക്കായി ഒരുക്കാം. അധിക വായനക്കായി ചിത്രകഥാ പുസ്തകങ്ങൾ, ചിത്രകഥക്കനുസരിച്ച് വാക്യം നിർമ്മിക്കൽ, വർക്ക് **ഷീറ്റ് തയ്യാറാക്കൽ** | ജൂൺ, ജൂലൈ | 250 | ടീച്ചർ |
| 2. ഹിന്ദി എഴുത്ത് | കോപ്പി പുസ്തകത്തിലെ മാതൃകാ അക്ഷരങ്ങൾ നോക്കി എഴുത്തിലേക്ക് പ്രവേശിക്കുന്നു. ബാല ഗീതങ്ങൾ, കവിതകൾ, എന്നിവ ശേഖരിച്ച് എഴുതുന്നു. | ആഗസ്റ്റ് സപ്തംബർ<br>1 വർഷം | 250<br>1000 | ടീച്ചർ<br>ടീച്ചർ<br>പി ടി എ<br>SSG |
| 3. ചതുർ ഭാഷാ നിഘണ്ടു | ഹിന്ദി വാക്കുകളുടെ അർത്ഥങ്ങൾക്കൊപ്പംഇംഗ്ലീഷ്, സംസ്കൃതം, ഉറുദ്ദു വാക്കുകളുടെ അർത്ഥങ്ങളോട് കൂടി ശേഖരിച്ച് എഴുതുന്നു. | 1 വർഷം | | ഭാഷാധ്യാപകൻ |

| | | | | |
|---|---|---|---|---|
| | മിറേപന്നെ<br>ശില്പശാല<br>• എന്റെ കഥാപുസ്തകം<br>• എന്റെ കവിതാ പുസ്തകം<br>• ചിത്രം കാണിച്ച് കഥപൂർത്തിയാക്കാൻ അവസരം നൽകുന്നു | 1 വർഷം | 1000 | ടീച്ചർ<br>പി ടി എ<br>എസ് എസ്<br>ജി |
| | ചിത്രം നോക്കി കവിതരചിക്കാനവസരം നല്കുന്നു.<br>ഹിന്ദി മത്സരങ്ങൾ<br>• ഹിന്ദിയിൽ പാടാനും പ്രസംഗിക്കാനും മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്താനുമുള്ള പ്രവർത്തനം നടത്തും. | - | - | - |
| | • ഹിന്ദിയിൽ കയ്യെഴുത്ത് മൽസരം നടത്തി പ്രോത്സാഹന സമ്മാനം കൊടുക്കും | - | - | - |
| 4. ഐ സി ടി ഉപയോഗിച്ച് ഹിന്ദി പഠനത്തിൽ താൽപര്യം ഉണ്ടാക്കൽ | • ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന ദൃശ്യ ശ്രാവ്യ സാമഗ്രികൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം<br>• ഹിന്ദിയിൽ ടൈപ്പ് ചെയ്യാൻ പ്രാപ്തരാക്കും.<br>• ഓരോ ക്ലാസ്സും കമ്പ്യൂട്ടർ വൽക്കരിക്കും | 3 വർഷം | 75000 | പി ടി എ<br>എസ് എസ്<br>ജി |
| | ഹിന്ദി ഫെസ്റ്റ്<br>• ഹിന്ദിദിനം, പരിസ്ഥിതി ദിനം, ശിശുദിനം എന്നീ ദിനങ്ങളിൽ പോസ്റ്റർ നിർമ്മാണം,<br>• ഹിന്ദി കവിതകളുടെ ഓഡിയോ, വീഡിയോ കേൾപ്പിക്കൽ<br>• ഹിന്ദി പത്ര പരായാണം<br>• ഹിന്ദി മാതൃഭാഷയായിട്ടുള്ള കുട്ടികളുമായി ആശയവിനിമയം നടത്തൽ | 1 വർഷം | 1000 | പി ടി എ<br>ഹിന്ദി ക്ലബ്ബ്<br>ടീച്ചർ<br>എസ് എസ്<br>ജി |
| 5. മോണിറ്ററിംഗ് | പി ടി എ, എസ് എസ് ജി | | | |

## മേഖല :സംസ്കൃതം ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| **സരള സംസ്കൃതം**<br>എൽ പി തലം മുതൽ എല്ലാവിദ്യാർത്ഥികൾക്കും സംസ്കൃതം വായിക്കാനും സർഗാത്മകമായ കഴിവ് വർദ്ധിപ്പിക്കൽ | സരളസംസ്കൃതം<br>ഒഴിവു സമയങ്ങളിൽ കാർഡുകൾ നൽകികൊണ്ട് പദ നിർമ്മാണം. | ഒരു വർഷം | | |
| | എൽ പി തലത്തിലെ അക്ഷരങ്ങൾ കളികളിലൂടെ ഉറപ്പിക്കാൻ (ക്ലേ ഉപയോഗിച്ച് അക്ഷരങ്ങൾ നിർമ്മിക്കൽ) | ജൂൺ മുതൽ സപ്തംബർ വരെ | | |
| | കയ്യെഴുത്ത് മാസിക നിർമ്മിക്കർ, കഥ, കവിത ശില്പശാല വായനാപരിശീലനം | ജൂൺ മുതൽ മാർച്ച് | | |
| നിത്യജീവിതത്തിൽ സംസ്കൃത ഭാഷയുടെ സ്വാധീനം വളർത്തൽ | സംസ്കൃത പ്രദർശിനി<br>പഴങ്ങളുടെ ശേഖരണം<br>നിത്യോപയോഗ സാധനങ്ങളുടെ ശേഖരണം<br>ശേഖരിച്ച പേരുകൾ സംസ്കൃതത്തിൽ | മധ്യകാലം | | |
| സാഹിത്യവബോധം മെച്ചപ്പെടുത്തൽ | പുസ്തക പ്രദർശനം<br>സംസ്കൃത ലൈബ്രറി ശാക്തീകരണം | ദീർഘകാലം | | പൂർവ്വ വിദ്യർത്ഥികൾ, എസ് എസ് ജി പൂർവ്വ അധ്യാപകർ |
| സാങ്കേതിക സംസ്കൃതത്തിൽ താൽപര്യമുണ്ടാക്കൽ | ഐ ടി യുടെ സംസ്കൃത പഠനം<br>വിദഗ്ദരുടെ സഹായത്തോടെ സംസ്കൃതം ടൈപ്പ്റൈറ്റിംഗ് | ദീർഘകാലം | 100000 | ഐ ടി വിദഗ്ദർ,പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ |
| മോണിറ്ററിംഗ് | എസ് എസ് ജി , പി ടി എ, പൂർവ്വ അധ്യാപകർ | | | |

# കലാപഠനം സംഗീതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1. സൈർഗികവും ജന്മസിദ്ധവുമായ സർഗശേഷി തിരിച്ചറിയൽ | <u>പാട്ടിൻ വഴിയേ കൂട്ടുകൂടാം</u><br>കലാപഠന കളരി<br>എൽ പി, യു പി എന്നിങ്ങനെ തരം തിരിച്ച് ഒഴിവു ദിവസങ്ങളിൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. പാഠഭാഗങ്ങളിലെ കവിതകൾക്ക് ഈണം നൽകൽ.<br>അവയുടെ നൃത്താവിഷ്കാരം<br>നാടകാവിഷ്കാരം<br>ഒറ്റക്കും കൂട്ടായുമുള്ള ആവിഷ്ക്കാരം | ജൂൺ മുതൽ ജൂലായ് | 1000 | കലാഅധ്യാപകർ<br>എസ് എസ് ജി |
| 2. സംഗീതത്തെയും മറ്റ് കലാരൂപങ്ങളെയും ആഴത്തിൽ മനസ്സിലാക്കൽ | <u>കലയുടെ വിഹായസ്സ്</u><br>ശാസ്ത്രീയ സംഗീത ക്ലാസ്സ്<br>സംഗീത ഉപകരണങ്ങളുടെ പരിശീലനം<br>ഫിലിം ഫെസ്റ്റിവൽ<br>വ്യത്യസ്ത കലാരൂപങ്ങളുടെ ആവിഷ്കാരം | 5 വർഷം | 5 ലക്ഷം | കലാഅധ്യാപകർ<br>പി ടി എ<br>എസ് എസ് ജി |
| 3. കുട്ടികളുടെ കലാപ്രകടനങ്ങൾ | <u>അരങ്ങ്</u><br>അസംബ്ലി ദിനാചരങ്ങൾ, സ്കൂൾ യുവജനോത്സവം വാർഷികം | ജൂൺ മുതൽ മാർച്ച് വരെ | 1 ലക്ഷം | പി ടി എ<br>കലാഅധ്യാപകർ<br>എസ് എസ് ജി |
| 4. മോണിറ്ററിംങ് | ഹ്രസ്വകാല പ്രവർത്തനങ്ങൾ, പി ടി എ, എസ് ആർ ജി, ദീർഘകാല പദ്ധതികൾ കലാരംഗത്തെ വിദഗ്ദർ, പി ടി എ, എസ് എസ് ജി | | | |

ഉപമേഖല : **കായികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1. സ്കൂളിലെ മുഴുവൻ കുട്ടികളേയും ചെറു പ്രായത്തിൽ തന്നെ നീന്തൽ പരിശീലിപ്പിക്കുക | • വിദ്യാലയത്തിന്റെ സമീപത്തുള്ള കുളങ്ങളിൽ നീന്തൽ പരിശീലനം<br>• സർട്ടിഫിക്കറ്റ് | 5 വർഷം കൊണ്ട് | 10000/- | നീന്തൽ പരിശീലകർ രക്ഷിതാക്കൾ അധ്യാപകർ |
| 2. കുട്ടികളുടെ കായിക ക്ഷമത വർധിപ്പിക്കുക | മാസ്ഡ്രിൽ, എയ്നോഡിക്സ് | ആഴ്ചയിൽ | | കായിക അധ്യാപകർ |
| | കായിക മത്സരങ്ങൾ | മാസത്തിൽ 1 | 1000/- | |
| | കരാട്ടെ പരിശീലനം | 2 മുതൽ 5 വർഷം വരെ | - | |
| | സൈക്കിൾ പരിശീലനം | | - | |
| | കായികോത്സവം | വർഷം | 50000/- | |
| | യോഗപരിശീലനം | 2 വർഷം | 50000/- | |
| | സ്കൂംബാപരിശീലനം | 1 വർഷം | | |

# INFORMATION TECHNOLOGY

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ | സാമ്പത്തികം | ചുമതല |
|---|---|---|---|---|---|
| ഐ ടി പ്രഥമിക പരിശീലനം | 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും ഒഴിവു ദിവസങ്ങളിൽ രാവിലെ മുതൽ വൈകുന്നേരം വരെ ഐ ടി പ്രായോഗിക പരിശീലനം | 1 വർഷം | പി ടി എ അധ്യാപകർ ഐ ടിയിൽ പരിശീലനം ലഭച്ച പൂർവ്വ വിദ്യാർത്ഥികൾ, വിദഗ്ദർ | പി ടി എ | അധ്യാപകർ, ഐ ടി ക്ലബ്ബ് |
| ഹാർഡ് വെയർ പരിശീലനം | ഐ ടി യിൽ കൂടുതൽ മികവും താൽപര്യവും പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികൾക്കും, എല്ലാ അധ്യാപകർക്കും<br>വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാൻ ശാസ്ത്രീയവും നീതിപൂർവ്വവുമായ പരീക്ഷകൾ | വർഷത്തിൽ രണ്ടു തവണ | പി ടി എ പ്രാദേശിമായി ലഭ്യമാകുന്ന സാങ്കേതിക വിദഗ്ദർ | പി ടി എ | ഐ ടി ക്ലബ്ബ് എസ് എസ് ജി |
| ഹൈടെക് ക്ലാസ് റുമുകൾ ഐ ടി സഹായത്തോടെ വ്യത്യസ്തമേഖലകളിൽ ഉയർന്ന പരിശീലനം അധുനിക സൗകര്യങ്ങളോടു കൂടിയ കമ്പ്യൂട്ടർ ലാബ്, റെക്കോർഡിങ്ങ് സ്റ്റുഡിയോ | എല്ലാ ക്ലാസ് റുമുകളും ഹൈടെക്വൽക്കരിക്കുക.<br>വോയിസ് റെക്കോർഡിംങ്, വീഡിയോ എഡിറ്റിംഗ്, ആനിമേഷൻ എന്നീമേഖലകളിൽ വിദഗ്ദ പരിശീലനം | 5 വർഷം | പി ടി എ പഞ്ചായത്ത് സാങ്കേതിക വിദഗ്ദർ | എം എൽ എ ഫണ്ട്, എം.പി ഫണ്ട്, പൂർവ്വ വിദ്യാർത്ഥികൾ, പി ടിഎ | പി ടി എ അധ്യാപകർ ഐ ടി ക്ലബ്ബ് |

മേഖല : **പ്രവൃത്തിപരിചയ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1. പഠനത്തോടൊപ്പം തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തുന്നതിന് | ശില്പശാല<br>ഒറിഗാമി<br>എംബ്രോയിഡറി<br>ഫാബ്രിക് പെയ്ന്റിംഗ്<br>കുട നിർമ്മാണം<br>പ്രവൃത്തി പരിചയമേള | ഒക്ടോബർ മാർച്ച് | റിസോഴ്സ് 25000 | അധ്യാപകർ പി ടി എ |

# ഉപസംഹാരം

ഹ്രസ്വദീർഘകാല പദ്ധതികളിലൂടെ സമഗ്രമായ വികസന പദ്ധതി, സമയബന്ധിതമായ പദ്ധതി നിർവ്വഹണം, സൂക്ഷ്മമായ നിരീക്ഷണം എന്നിവയിലൂടെ പരിപാടിയായി അക്കാദമികവും ഭൗതികവുമായ ഉന്നത ശേഷി കൈവരിക്കൽ കഴിയുമെന്ന ഉറച്ച വിശ്വാസം ഞങ്ങൾക്കുണ്ട്. പൊതു സമൂഹത്തിന്റെ നിർലോഭമായ പിന്തുണ ആർജിക്കുന്നതിലൂടെ ഈ ലക്ഷ്യങ്ങൾ കൈവരിക്കാനാകുമെന്ന ശുഭപ്രതീക്ഷയും ഞങ്ങൾക്കുണ്ട്. അതോടൊപ്പം തന്നെ മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് കൃത്യതയോടെയും സമയബന്ധിതമായുള്ള മോണിറ്ററിംഗും ആത്യാവശ്യമാണ്.